# അധ്യായം ഇരുപത്തിരണ്ട്

അസോസിയേഷന്റെ പരിപാടികൾ ഗംഭീരമായിരുന്നു. റാഞ്ചിയിലുള്ള മുഴുവൻ മലയാളി കുടുംബങ്ങളും അവരുടെ സുഹൃത്തുക്കളും എത്തിയിരുന്നു. കുട്ടികളുടെയും മുതിർന്നവരുടെയും കലാപരിപാടികൾ ഹൃദ്യമായിരുന്നു. അവസാന ഇനമായിരുന്നു നാടകം. വൻ കരഘോഷം നാടകത്തിനു ലഭിച്ചു. താൻ എഴുതിയ പാട്ടുകൾ മെഗാഫോണിലൂടെ കേട്ടപ്പോൾ സോമന്റെ ഉള്ളിൽ ആഹ്ലാദത്തിന്റെ സുഖകരമായൊരു വിങ്ങൽ ഉണർന്നു. നാടകാവതരണത്തിന്റെ ഇടവേളയിലും സോമനെഴുതിയ പാട്ടുകളാണ് വച്ചത്. നാടകം കണ്ടുകഴിഞ്ഞു പോകുന്നവരിൽ പലരും ആ പാട്ടുകൾ മൂളുന്നുണ്ടായിരുന്നു. ഏതായാലും നാടകത്തിനോട് സഹകരിച്ചതോടെ സോമൻ പലർക്കും പരിചിതനായി. അടുത്ത നാടകം സോമൻ എഴുതിയാൽ മതിയെന്നു ജോസഫ് പറഞ്ഞു. തങ്കച്ചനും വലിയ സന്തോഷമായി. തലതെറിച്ചവനെന്നു കരുതിയ അനുജൻ അന്യനാട്ടുകാരുടെ ഇടയിൽ നല്ലപേരു കേൾപ്പിച്ചതിൽ അയാൾക്ക് അത്ഭുതമായിരുന്നു. വീട്ടിൽ പശുവിനെ മേച്ചും വാഴയ്ക്കു തടമെടുത്തും നടന്നവന് ഇങ്ങനെ ഒരു കഴിവുണ്ടെന്നു അയാൾ കരുതിയില്ല.

നാടകത്തിന്റെ തിരക്കായതു കാരണം രണ്ടു ദിവസം ഇൻസ്റ്റിറ്റ്യൂട്ടിൽ പോകാൻ കഴിഞ്ഞില്ല. ഓമനയെയെ കാണാതിരുന്നിട്ടു വല്ലാത്ത വിഷമം പോലെ. ഒരു ദിവസം പോലും അവളെ കാണാതിരിക്കാനാവിന്നില്ല. സോമൻ ഇൻസ്റ്റിറ്റ്യൂട്ടിൽ ചേർന്ന ദിവസം അവൾ അവധിയിലായിരുന്നു. നാട്ടിലേക്കു പോയിരുന്നു. പത്തനാപുരത്ത് പുന്നലയ്ക്കടുത്താണ് ഓമനയുടെ വീട്. നഴ്സിങിനു ചേരാൻ ചേട്ടന്റെ അടുത്തു വന്നതാണ്. റാഞ്ചിയിൽ നഴ്സിങിനു അഡ്മിഷൻ ശരിയാകുമെന്ന ഉറപ്പിലാണ് അവൾ. നഴ്സിങിനു കിട്ടുന്നതുവരെ ടൈപ്പു പഠിക്കാൻ ചേർത്തിരിക്കുകയാണ്. അവളുടെ ചേട്ടൻ മാമൻ കോൾ ഇന്ത്യാ കമ്പനിയിലെ ഹെഡ് ഓഫിസിൽ സെക്രട്ടറിയാണ്. ചേടത്തി തങ്കമ്മയാകട്ടെ എച്ച് ഇ സി ആശുപത്രിയിലെ മേട്രനാണ്. തങ്കച്ചനെ നല്ലപോലെ അറിയും.

ആദ്യ ദിവസം തന്നെ ഓമന വന്നു പരിചയപ്പെട്ടു. വല്ലാത്തൊരു അവസ്ഥയിലായിരുന്നു സോമൻ. മലയാളിയാണെന്ന അടുപ്പമായിരിക്കും അവൾ കാണിക്കുന്നതെന്നു സോമനു തോന്നി. എല്ലാവരോടും അവൾ അങ്ങിനെതന്നെ ആയിരുന്നു. അധികം നാൾ കഴിയുന്നതിനു മുന്നേ അവൾ സോമനോട് കൂടുതലായി അടുക്കാൻ തുടങ്ങി. ആരോടും വലിയ അടുപ്പമില്ലാതെ നടക്കുന്ന സോമന്റെ രീതികൾ അവൾക്കു ആദ്യം കൗതുകമായിരുന്നു. ഇൻസ്റ്റിറ്റ്യൂട്ടിലെ പുസ്തകശാല നിരന്തരം സന്ദർശിക്കുന്ന അവൻ മറ്റുള്ളവരിൽ നിന്നു വ്യത്യസ്തനാണെന്നു അവൾക്കു തോന്നാതിരുന്നില്ല. എന്നും മറ്റുള്ളവരിൽനിന്നു അവജ്ഞ മാത്രം കിട്ടിക്കൊണ്ടിരുന്ന സോമനാകട്ടെ അവിടെ ആരോടും അടുപ്പം വേണ്ടെന്നു നേരത്തെത്തന്നെ

തോന്നിയിരുന്നു. അവന്റെ ഒറ്റപ്പെട്ട സ്വഭാവമാണ് ഓമനയുടെ സുഹൃത്താവാൻ അവന് ഇടവന്നത്. ദിവസങ്ങൾ കഴിയുന്തോറും ഇരുവരും നല്ല സുഹൃത്തുകളായി. ഓമനയുടെ ചേട്ടത്തിയുടെ പരിചയക്കാരന്റെ അനിയനാണെന്നതും അവരെ കൂടുതൽ അടുപ്പിച്ചു. ഇൻസ്റ്റിറ്റ്യൂട്ടിലേക്കു ഇരുവരും ഒരുമിച്ചായി പോക്കും വരവും. നാട്ടിൽ ഒരാണും പെണ്ണും ഇങ്ങനെ നടന്നുപോയാൾ ഉണ്ടായേക്കാവുന്ന പുകിലുകൾ സോമൻ ഓർത്തു. ഈ വലിയ നഗരത്തിൽ ഇതൊന്നും വലിയ കാര്യമായി ആരും എടുക്കാറില്ല.

നാടകം കഴിഞ്ഞു പിറ്റേദിവസമാണ് സോമൻ ഇൻസ്റ്റിറ്റ്യൂട്ടിലെത്തിയത്. രാവിലെ ഇറങ്ങുമ്പോൾ നേരം വൈകിയിരുന്നു. പതിവായി പോകുന്ന ബസ് കിട്ടിയില്ല. ഓമന കയറുന്ന സ്റ്റോപ്പിൽ നോക്കി. ഇല്ല, അവൾനേരത്തേ പോയിക്കാണും. ഇൻസ്റ്റിറ്റ്യൂട്ടിലെത്തിയപ്പോൾ ക്ലാസ് തുടങ്ങിയിരുന്നു. അവൻ തന്റെ മെഷീനു മുന്നിലിരുന്നു. പുറകോട്ട് തിരഞ്ഞുനോക്കി. ഓമന സീറ്റിലുണ്ട്. അവൾ അവനെ നോക്കി ചിരിച്ചു. അവനും. രണ്ടു ദിവസം കാണാത്തതിന്റെ ആകാംഷ അവന്റെ കണ്ണുകളിൽ തിളങ്ങി. അവളതു തിരിച്ചറിയുന്നുണ്ടോ ആവോ...

ക്ലാസു കഴിഞ്ഞ് ഇരുവരും പതിവുപോലെ ഒരുമിച്ചിറങ്ങി. വഴിയരികിലെ വാകമരങ്ങളിൽ നിന്നു ചുവന്ന പൂക്കൾ വഴിയിൽ പരവതാനി വിരിച്ചിരിക്കുന്നു. ഇളംകാറ്റിനു വാകപ്പൂവിന്റെ ഗന്ധം. തണുപ്പുകാലം തുടങ്ങാറായിരിക്കുന്നു. വാകമരങ്ങളിലെ അവസാന പൂക്കളാണ് പൊഴിഞ്ഞു വീഴുന്നത്. ഇനി ഒരു വർഷം കാത്തിരിക്കണം. ഈ മരങ്ങൾ നിറയെ ചുവന്നു തുടുക്കാൻ.

ഇയാൾ വലിയ നാടകക്കാരനാണല്ലേ.....- ഓമനയുടെ ചോദ്യത്തിൽ എല്ലാം അറിയുന്നുണ്ടെന്ന ഭാവം.

ആരു പറഞ്ഞു....- അങ്ങിനെയൊന്നുമില്ലെന്ന മട്ടിൽ സോമൻ മറുപടി പറഞ്ഞു. താൻ എന്തെങ്കിലുമൊക്കെ കുത്തിക്കുറിക്കുമെന്നു പോലും അവൻ അവളോടു പറഞ്ഞിട്ടില്ല. അങ്ങിനെ പറയാൻ മാത്രം അത്രവലിയ ആളൊന്നുമല്ല താനെന്നു അവൻ സ്വയം പറഞ്ഞു പഠിപ്പിച്ചിരുന്നു.

ഓ.. ഞാനറിഞ്ഞു... അസോസിയേഷന്റെ നാടകത്തിൽ പാട്ടെഴുതിയത് സോമനായിരുന്നു അല്ലേ...

വെറുതെ എഴുതിയതാണ്... വേറെയൊന്നും കിട്ടാത്തതുകൊണ്ട് അവരതെടുത്തു എന്നുമാത്രം...

വെറുതെയല്ല... ഇപ്പോൾ എല്ലാ മലയാളികളും ആ പാട്ടുകളാണ് പാടിക്കൊണ്ടു നടക്കുന്നത്....

അതെഴുതിയത് നിന്നെക്കുറിച്ചോർത്താണെന്നു പറയണമെന്നു സോമനുണ്ടായിരുന്നു.

മനസു നിയന്ത്രിച്ചു അവൻ ചോദിച്ചു.- നാടകം കാണാൻ ഓമന വന്നിരുന്നോ....

ഞാനുമുണ്ടായിരുന്നു....

ഞാൻ കണ്ടില്ല...

ഞാനും കണ്ടില്ല... പക്ഷെ നാടകം കണ്ടു.. പാട്ടും കേട്ടു... ഇടയ്ക്കു പാട്ടെഴുതിയ ആളിന്റെ പേരു പറഞ്ഞപ്പോഴാണ് സംശയമുണ്ടായത് അത് ഇയാൾ തന്നെയാണോന്ന്... ചേട്ടത്തി പറഞ്ഞപ്പോഴാ അറിഞ്ഞത്, കൂടെ ജോലി ചെയ്യുന്ന തങ്കച്ചന്റെ അനിയനാണ് പാട്ടെഴുതിയതെന്നു. ഒന്നു മൂളുകപോലും ചെയ്യാത്ത ചേട്ടത്തിപോലും ഇയാളുടെ പാട്ടു പാടുന്നതു കേട്ടു...- അവൾ ചിരിച്ചുകൊണ്ട് പറഞ്ഞു. ആ ചിരിയിൽ ലയിച്ചില്ലാതാകാൻ അവൻ കൊതിച്ചു.

എനിക്കു പാട്ടും കഥകളും നോവലുകളുമൊക്കെ ഇഷ്ടമാണ്...

എഴുത്തുകാരെയോ...?

നല്ലത് എഴുതുന്ന എല്ലാവരേയും ഇഷ്ടമാണ്...

എന്നെ ഇഷ്ടമാണോ...

അവൾ അമ്പരപ്പോടെ സോമനെ നോക്കി. ഒരു എഴുത്തുകാരനോടുള്ള ഇഷ്ടത്തെപ്പറ്റി മാത്രമല്ല ആ വാക്കുകളിൽ നിറഞ്ഞുനിന്നിരുന്നതെന്നു അവൾക്കു മനസിലായി. അവന്റെ ശബ്ദത്തിലെ വികാരം അത്രയും സൂഷ്മമായിരുന്നു. ഒരു മനുഷ്യായുസിലെ സ്നേഹം മുഴുവൻ അതിൽ നിറഞ്ഞുനിന്നിരുന്നു. അവൾ തലകുമ്പിട്ടു. മഞ്ഞുകാലത്തിന്റെ വരവറിയിച്ചു ആദ്യ മഞ്ഞുതുള്ളി അവൾക്കു മുന്നിൽ പെയ്തിറങ്ങി.

*******************************************************************************************

റാഞ്ചിയിലെത്തിയിട്ടു മാസം മൂന്നാകുന്നു. ചേട്ടന്റെ ആദ്യകാലത്തെ അനുകമ്പയൊക്കെ കുറഞ്ഞു വരുന്നുണ്ടോയെന്നു സംശയം. അതങ്ങിനെയാണ്. ഏച്ചുകെട്ടിവയ്ക്കാൻ ശ്രമിക്കുന്നതൊക്കെയും മുഴച്ചുനിൽക്കും. താൻ എത്രയും വേഗം ഒരു ജോലി നേടേണ്ടതുണ്ട്. ടൈപ്പും ഷോർട് ഹാൻഡും അത്യാവശ്യം വേഗതയായിരിക്കുന്നു. ചേട്ടന്റെ ചെലവിൽ ജീവിക്കുക ഇനി അത്ര സുഖകരമാകുമെന്നു തീർച്ചയില്ല. ആ വീട്ടിൽ താൻ അന്യനായി കൊണ്ടിരിക്കുകയാണെന്ന തോന്നൽ ശക്തമായിരിക്കുന്നു. ചേടത്തി പലപ്പോഴും തന്നെ ഒരു അന്യനായാണു കാണുന്നത്. കുട്ടികളോട് ഒന്നു അടുത്തുപെരുമാറുന്നതുപോലും അവർക്കു രസിക്കുന്നില്ല. ചേട്ടത്തിയോട് മറിച്ചെന്തെങ്കിലും പറയാനും അവനു തോന്നിയില്ല. മറിച്ചു പറഞ്ഞാൽ തന്റെ ഇവിടത്തെ പൊറുതി അവസാനിക്കുമെന്നു സോമനറിയാം. ഇപ്പോൾത്തന്നെ ചേട്ടന്റെ കാതിൽ ഒരോന്നു ഓതിക്കൊടുക്കുന്നുണ്ടെന്നുറപ്പാണ്. എങ്ങിനെയെങ്കിലും തന്നെ ഇവിടെനിന്നു പറഞ്ഞുവിടാനുള്ള നോട്ടത്തിലാണ് അവർ. അവർ പറയുന്നത് അനുസരിച്ചു ജീവിക്കാനെ തരമുള്ളൂ. കടയിൽ പോയി സാധനങ്ങൾ വാങ്ങാനും മറ്റു ചില ജോലികൾ ചെയ്യാനും തുടങ്ങി.

ചേട്ടന് അസൗകര്യമുള്ളപ്പോൾ മാത്രമെ ഹോട്ടലിൽ സഹായിക്കാൻ പോകാറുള്ളൂ. തന്റെ വരവ് അപ്പുവിനിഷ്ടമായില്ലെങ്കിലോ എന്ന തോന്നൽ ചേട്ടനുണ്ടായിട്ടുണ്ട്. പക്ഷെ അങ്ങിനെ അപ്പുവിനു എതിർപ്പുണ്ടെന്നു സോമനു തോന്നിയിട്ടില്ല. ചിലപ്പോൾ ചേച്ചി പറഞ്ഞിട്ടാകും. ചേച്ചിയുടെ ഒരു അകന്ന ബന്ധുവിനെ ചേട്ടൻ ഒരിക്കൽ ഹോട്ടലിൽ നിർത്തിയതാണ്. അവനെന്തോ പൊല്ലാപ്പുണ്ടാക്കി തിരിച്ചുപോയി. ആ സ്ഥാനത്തേക്കു ഭർത്താവിന്റെ അനുജൻ വന്നുകയറിയത് അവർക്കിഷ്ടപ്പെട്ടു കാണില്ലായിരിക്കും.

ഒരിക്കൽ തണുപ്പു സഹിക്കവയ്യാതെ ക്വാർട്ടേഴ്സിനകത്തെ ചൂളയിലിരുന്നു തീകായുകയായിരുന്നു സോമൻ. അവിടെ എല്ലാ വീടുകളിൽ എടുത്തു കൊണ്ടുപോകാൻ കഴിയുന്ന തരത്തിലുള്ള ചെറിയ ചൂളകളുണ്ടാകും. കൽക്കരി ഉപയോഗിച്ചു കത്തിക്കുന്ന ഇവ കൊണ്ടാണ് പാചകം നടത്തുകയും ശരീരത്തിനു ചൂടു ഏൽപ്പിക്കുകയും ചെയ്യുന്നത്. ചൂളയ്ക്കകത്തേയ്ക്കു രണ്ടുമൂന്നു കൽക്കരിത്തുണ്ടുകൾ സോമൻ എടുത്തിട്ടു. എരിയുന്ന കൽക്കരിത്തുണ്ടുകളെ നോക്കി തണുപ്പകറ്റുമ്പോൾ ഒട്ടും പ്രതീക്ഷിക്കാതെയാണ് ചേടത്തി ചൂളയിലേക്കു വെള്ളം കോരിയൊഴിച്ചത്.

-കാശു കൊടുത്താ കൽക്കരി വാങ്ങുന്നത്... നാട്ടിൽ വെറക് കത്തിച്ചു കളയുന്നതുപോലെ ഇവിടിതു പറ്റില്ല.....

നെഞ്ചിൽ സൂചി കുത്തിയിറക്കും പോലെയാണ് സോമനാ വാക്കുകൾ കേട്ടത്. പലതവണയും ചൂള ആർക്കുമില്ലാതെ കത്തിയിരിക്കുമ്പോഴും തിരിഞ്ഞു നോക്കാത്ത ചേടത്തിയാണോ ഈ പറയുന്നതെന്നു സോമന് അതിശയം തോന്നി. തന്നോടുള്ള ചേടത്തിയുടെ അടുപ്പത്തിന്റെ അകൽച്ചയും അവൻ തിരിച്ചറിഞ്ഞു.

പിന്നെ കഴിവതും പകൽ സമയങ്ങളിൽ ക്വാർട്ടേഴ്സിൽ ഇരിക്കാതായി. ക്വാർട്ടേഴ്സിനു കുറച്ചകലെ വഴിയരികിലുള്ള കലുങ്കിലിരുന്നു സമയം കളയും. കുറച്ചു പരിചയക്കാരൊക്കെ അവിടെയുണ്ടാകും. ചേട്ടൻ എത്തുന്ന സമയമൊപ്പിച്ചേ ക്വാർട്ടേഴ്സിലേക്കെത്താറുള്ളൂ. രാവിലെ ഇൻസ്റ്റിറ്റ്യൂട്ടിൽ പോകുന്നതും താത്പര്യമില്ലാതെയായി. ഓമനയോട് ഇഷ്ടമാണോ എന്നു ചോദിച്ചത് അബദ്ധമായെന്നു തോന്നുന്നു. അതിനു ശേഷം അവൾ തന്നോടു വലിയ അടുപ്പമൊന്നും കാട്ടാറില്ല. കണ്ടാൽ ചിരിക്കും അത്രതന്നെ. ഒന്നുമില്ലെങ്കിൽ താൻ തന്നെക്കുറിച്ചെങ്കിലും ആലോചിക്കണമായിരുന്നുവെന്നു സോമനു തോന്നി. കറുത്തു വിരൂപനായ ഒരുവനാണ് പൂക്കുലപോലെ സുന്ദരിയായ ഒരു പെണ്ണിനോട് ഇഷ്ടം പറഞ്ഞത്. തന്റെ മണ്ടത്തരമോർത്തു സോമനു സ്വയം പുച്ഛം നിറഞ്ഞ ചിരിവന്നു. ആ ഇഷ്ടം മനസിൽ നിന്നു പറിച്ചു കളയാൻ തീരുമാനിച്ചു. ഓമനയുടെ മുന്നിൽപെടരുതെന്നു വിചാരിക്കുകയും ചെയ്തു. എങ്കിലും അവളെ കാണുമ്പോൾ ചങ്കിൽ വല്ലാത്ത വിങ്ങലുണരുന്നു.

നയാപൈസ കയ്യിലില്ല. ആരോടും ചോദിക്കും. ആരോടാണ് ഈ നഗരത്തിൽ പരിചയം. ഇൻസ്റ്റിറ്റ്യൂട്ടിലെ ഫീസും ചെലവുമൊക്കെ തരുന്ന ചേട്ടനോട് കൂടുതലായി എന്തെങ്കിലും ചോദിക്കുന്നതെങ്ങിനെ. പത്തുപൈസ ചോദിക്കുന്നത് ചേടത്തിയറിഞ്ഞാൽ അതിന്റെ പൊല്ലാപ്പ് വേറെ. കടയിൽ പോകുമ്പോഴും മാർക്കറ്റിൽ മീനും ഇറച്ചിയുമൊക്കെ വാങ്ങാൻ പോകുമ്പോഴും വില കൂട്ടിപ്പറഞ്ഞ് അടിച്ചുമാറ്റുന്ന ചില്ലറകളാണ് ആകെയുള്ള സമ്പാദ്യം. ഇൻസ്റ്റിറ്റ്യൂട്ടിലേക്കു പോകാൻ ചേട്ടൻ തരുന്നത് ബസ്സുകാരെ പറ്റിച്ചു കൂട്ടിവയ്ക്കുന്നുമുണ്ട്. ഉടുക്കാൻ നല്ലൊരു പാന്റോ ഷർട്ടോ ഇല്ല. ചേട്ടന്റെ പഴയതാണ് ഉപയോഗിക്കുന്നത്.

ഒരു ദിവസം ചേട്ടൻ തന്നോട് ഇനിയിങ്ങനെ നടന്നാൽ പോരെന്നും ഒരു ജോലിയൊക്കെ സംഘടിപ്പിക്കണമെന്നും ഉറപ്പിച്ചു പറഞ്ഞപ്പോൾ കാര്യങ്ങളുടെ കിടപ്പ് സോമനു ബോധ്യമായി. പണിയില്ലാത്ത തന്നെ പോറ്റാൻ ഇനിയാവില്ല എന്ന സൂചന ആ വാക്കുകളിൽ തെളിഞ്ഞുകിടക്കുന്നുണ്ടെന്ന് അവനു മനസിലായി. ഒരു തൊഴിലില്ലാതെ ഈ നഗരത്തിൽ ജീവിക്കുക ബുദ്ധിമുട്ടാണെന്നു ചേടത്തിയുടെ ഉപദേശവും കാതുകളിൽ പതിഞ്ഞു. ഹോട്ടലിൽ ഞാൻ നിന്നോളാം എന്നുപറയണമെന്നു നാവുയർന്നെങ്കിലും അത് വിഴുങ്ങിക്കളഞ്ഞ് സോമൻ മൂകനായി. ചേട്ടനിഷ്ടമാകുമെങ്കിലും ചേടത്തി അതിനു സമ്മതിക്കില്ലെന്നുറപ്പാണ്. ചേട്ടന്റെ വരവ് എത്രയെന്നു അനുജൻ അറിഞ്ഞാലുണ്ടാകുന്ന കാര്യമോർത്ത് അവർക്കു ഭീതി തോന്നാതിരിക്കില്ല. കമ്പനിയിലെ ജോലി കൂടാതെ ഹോട്ടലും പുതുതായി തുടങ്ങിയ ചിട്ടിയുമൊക്കെ ചേട്ടന്റെ ബാങ്ക് ബാലൻസ് വളർത്തുകയാണ്. അവർക്കു മൂന്നുപെൺമക്കളല്ലേ. സമ്പാദിച്ചോട്ടെ. അതിൽ പങ്കുപറ്റാൻ ആഗ്രഹവുമില്ല. ഒരു പണിക്കാരനായെങ്കിലും തന്നെ കാണാമായിരുന്നു. ബന്ധക്കളേക്കാളും വിശ്വസ്തർ അന്യനാട്ടുകാരാണെന്നു പല ഉദാഹരണങ്ങളും പറഞ്ഞ് ചേച്ചി ആരോടോ സമർഥിക്കുന്നത് തന്നെ ലാക്കാക്കിയാണെന്നു മനസിലാക്കാൻ സോമന് അധികം ആലോചിക്കേണ്ടിവന്നില്ല.

പിന്നെ തൊഴിലന്വേഷിച്ചുള്ള യാത്രയായിരുന്നു. കയ്യിലെ ചില്ലറകളെല്ലാം അതിൽ തീർന്നു. ഇൻസ്റ്റിറ്റ്യൂട്ടിൽ പോക്കും നിലച്ചു. ടൈപ്പും ഷോർട് ഹാൻഡും അറിയാമെങ്കിലും ഹിന്ദിയും ഇംഗ്ലീഷും  എല്ലായിടത്തും തടസം നിന്നു. ഓഫിസുപോലെ തോന്നിയ ഇടത്തൊക്കെ മുട്ടിനോക്കി. എന്നാൽ വാതിലുകളെല്ലാം അടയ്ക്കപ്പെട്ടു. നാട്ടിലേക്കു തിരിച്ചുപോയാൽ എന്തെന്നുവരെ ആലോചിച്ചു. ഇരു നാടും ഒരുപോലെ നരകമായതിനാൽ എന്തു തിരിച്ചുപോക്ക് എന്നായി മനസിൽ.

ചില ദിവസങ്ങളിൽ വിശന്ന വയറുമായി കൂട്ടുകാരുടെ വീടുകളിലായിരിക്കും ഉറക്കം. വൈകുന്നേരം കൂടുന്നവരിൽ ആരെങ്കിലും ചായ വാങ്ങിത്തന്നാലായി. പ്രത്യേകിച്ചു പണിയില്ലാത്തതുകൊണ്ട് സോമനെ കൊണ്ട് ആരും കാശു ചെലവാക്കിച്ചിരുന്നില്ല.

ഇടയ്ക്കു അസോസിയേഷന്റെ മാസികയിൽ പണ്ടെങ്ങോ കുറിച്ചുവച്ച രണ്ടു കവിതകൾ പ്രസിദ്ധീകരിക്കാൻ കൊടുത്തു. എഴുത്തും വായനയുമില്ലാതെ തൊഴിൽ തെണ്ടിയുള്ള യാത്രകൾ തുടർന്നു. മനസിൽ നിന്ന് ഇഷ്ടപ്പെട്ട കഥകളും കവിതകളും പടിയിറങ്ങി. എഴുതുവാനുള്ള പേനയുടെ മഷി വറ്റി. കൊതിച്ച പെണ്ണിന്റെ മുഖം പോലും മാഞ്ഞു പോയി. ഒടുവിൽ ഒരു വെള്ളിടി പോലെ അതും അവനെ തേടിയെത്തി. ദേഹത്തു മുളച്ചുപൊന്തുന്ന പോളങ്ങൾ. ശരീരത്തിലാകമാനം അവ പടർന്നു. ചെറുതും വലുതുമായി കറുത്തു പൊന്തിയവ സോമനെ കൂടുതൽ വിരൂപനാക്കി. വസൂരി ഇതിന്റെ എല്ലാ ശക്തികളുമായി അവനിൽ നിറഞ്ഞു.